# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുണാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1138/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1138/2023 തീയ്യതി: 08/12/2023

## ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി. ജി., ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. ആർ. സാമുവൽരാജ്,അസി.ഓഡിറ്റ് ഓഫിസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി പ്രിൻസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി റസീന കെ.എസ്. | സെക്രട്ടറി | 01-04-2022 | 05-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി രേഖ റ്റി.സോമൻ (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 12-02-2023 |
| ശ്രീ സന്തോഷ് എസ്.ആർ. | സെക്രട്ടറി | 13-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖ. റ്റി. സോമൻ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സാം ക്രിസ്റ്റി ജോൺ | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഡെല്ലാ തോമസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആൻസി റ്റി. യോഹന്നാൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. വിശാഖ് സി.ആർ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. വിനീത പി. സൈമൺ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 01-04-2022 | 25-04-2022 |
| ഡോ.ജ്യോതിഷ് കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 26-04-2022 | 31-03-2023 |
| ശ്രീമതി റീനമോൾ ചാക്കോ | വി.ഇ.ഒ. | 01-04-2022 | 16-09-2022 |
| ശ്രീ ആനന്തകൃഷ്ണൻ | വി.ഇ.ഒ. | 17-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ, രജിസ്റ്ററുകളും കണക്കുകളുമായി പൊരുത്തുകയോ ചെയ്യുന്നില്ല | 1-1-5 |
| 7 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഗ്രാന്റ് വിനിയോഗം | 1-3 |
| 11 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.91ലക്ഷത്തിലധികം രൂപ | 1-3-1 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 17 | തനത് വരവ്-അവലോകനം | 1-9 |
| 18 | ഉപയോഗ ക്രമത്തിനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല | 1-10 |
| 19 | ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 1-11 |
| 20 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 21 | ഓഡിറ്റ് റിക്കവറിയായി ഈടാക്കിയ തുക സർക്കാർഫണ്ടിലേക്ക് ക്രമീകരിച്ചില്ല | 1-13 |
| 22 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-14 |
| 23 | വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-15 |
| 24 | ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-16 |
| 25 | കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയില്ല | 1- 17 |
| 26 | കുട്ടാർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-അപാകതകൾ | 1-18 |
| 27 | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല | 1-19 |
| 28 | ഐറിഷ് ഓട നിർമാണപ്രവൃത്തിക്ക് അധികം തുക നൽകി | 1-20 |
| 29 | ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി. അനുവദിച്ചു | 1-21 |

| | | |
|---|---|---|
| 30 | അംഗൻവാടി പോഷകാഹാര പദ്ധതി - സ്പിൽ ഓവർ പ്രോജക്റ്റ് ആസൂത്രണം ചെയ്യാതെ കുടിശ്ശിക തുക അനുവദിച്ചു | 1-22 |
| 31 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-23 |
| 32 | സംയുക്ത-ഫണ്ട് കൈമാറൽ പ്രോജക്ടുകൾ-വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 08(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 06.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരുണാപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

08.12.2023 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ)(എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി കണക്കുകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തി-ആസ്തി മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1867391/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1125016/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകളിൽ നിർണ്ണയിച്ചിട്ടുള്ള അന്തിമ തുകകൾ (ഡിമാന്റ് – വരവ് – കുടിശ്ശിക തുകകൾ) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആകയാൽ വിവിധ വരവിനങ്ങളുടെ അന്തിമ തുകകളുടെ ആധികാരികത വ്യക്തമല്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ, രജിസ്റ്ററുകളും കണക്കുകളുമായി പൊരുത്തുകയോ ചെയ്യുന്നില്ല

(1) നിക്ഷേപ കണക്കുകൾ ആധികാരകമല്ല

സിവിൽ നിക്ഷേപമായി ഗ്രാമപഞ്ചായത്ത് ₹1245440/-ധനകാര്യപത്രികയിൽ നിലനിർത്തിയിട്ടുണ്ട്. എന്നാൽ ഋണശീർഷകങ്ങളിൽ നിലനിർത്തിയിട്ടുള്ള പ്രസ്തുത തുകയിൽ 2010-11 മുതലുള്ള നിക്ഷേപങ്ങൾ ശേഷിക്കുന്നു. കാലഹരണപ്പെട്ട പ്രസ്തുത തുകകൾ നിലനിർത്തിയിട്ടുള്ളത് ബാധ്യതാകണക്കുകളെ സാരമായി ബാധിച്ചിട്ടുണ്ട്. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) മുൻകൂർ കണക്കുകൾ കൃത്യമല്ല

ധനകാര്യപത്രികയുടെ B18 പത്രികയിൽ നൽകിയിട്ടുള്ള മുൻകൂർ കണക്കുകൾ സമഗ്രമല്ല. സംയുക്ത പദ്ധതികൾക്കും, നിർവഹണ ഏജൻസി/നിർവഹണ ഉദ്യോഗസ്ഥർക്കും നൽകിയ തുകകൾ പട്ടികയുടെ ഭാഗമായില്ല. തൻവർഷം ഈയിനത്തിൽ ചെലവഴിച്ച തുകകളുടെ വിവരം ഖണ്ഡിക 1-20- ൽ നൽകിയിട്ടുള്ളത് കാണുക.

1-1-6 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം ജേർണൽ വൌച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | I/തീ. 21.03.2022 |
| ഭരണസമിതിയിൽ അവതരണം | I(1)/തീ. 23.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 24.03.2022 |
| ബജറ്റ് പുതുക്കൽ | I(2)/തീ. 01.03.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 4439040 |
| വരവ് | 318295000 |
| ആകെ | 322734040 |
| ചെലവ് | 317970000 |
| നീക്കിയിരിപ്പ് | 4764040 |

ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്ലിപ്തതയും പാലിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഘടക സ്ഥാപനങ്ങളിൽ നിന്ന് 15.12.2021 - ൽ വിവരശേഖരണം നടത്തുകയും തുടർന്ന് വിവിധ യോഗങ്ങളിൽ അവ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജനുവരി ആദ്യവാരമുള്ള ബജറ്റ് അവതരണം എന്ന നിബന്ധന പാലിക്കാൻ കഴിഞ്ഞിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ പ്രധാന വരവിനങ്ങളിൽ വലിയ അന്തരമില്ലെങ്കിലും ചെലവുകളിൽ അത് വളരെ പ്രകടമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| ഫീസുകൾ | 13,35,000 | 7,50,280 |
| ലേലം, വിൽപനകൾ | 3,50,000 | 9,280 |
| പലിശ | 5,00,000 | 1,37,256 |

| | | |
|---|---|---|
| ഭരണച്ചെലവുകൾ | 31,85,000 | 14,69,678 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 22,05,000 | 10,94,654 |

തുടർന്ന് വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്നതിന് ബജറ്റ് ഉപയുക്തമാക്കേണ്ടതാണ്. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ്/ അലോട്ട്മെന്റ് | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 19149000 | 19149000 | 16874293 | - |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4549000 | 4549000 | 4209281 | - |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)* | 2006640 | 3495233 | 5501873 | 5122023 | 379850 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)** | 2382599 | 4995000 | 7377599 | 3985315 | 3392284 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 28942000 | 28942000 | 26418415 | - |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 7793000 | 7793000 | 7791725 | - |
| Health Grant (PHC) | 0 | 162761 (160000 + 2761 Interest) | 162761 | 00 | 162761 |
| Health Grant ( Infra Structure) | 0 | 00 | 00 | 00 | 00 |
| ടോട്ടൽ സാനിറ്റേഷൻ | 201292 | 24400 | 225692 | 0 | 225692 |
| ഐ.സി.ഡി.എസ് | 136211 | 1768350 | 1904561 | 1200000 | 704561 |
| ശുചിത്വ മിഷൻ | 698000 | 219000 | 479000 | 219000 | 698000 |
| ജലനിധി + പലിശ ) | 2291525 | 62500 (പലിശ) | 2354025 | 0 | 2354025 |
| 320200305 പ്രത്യേക ഗ്രാന്റ് | 1233684 | 0 | 1233684 | 0 | 1233684 |
| സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനം | 144600 | 0 | 144600 | 0 | 144600 |
| 320300199 പ്രത്യേക ഗ്രാന്റ് | 140000 | 200000 | 340000 | 245000 | 95000 |
| 320700105 ജില്ലാപഞ്ചായത്ത് വിഹിതം | 249517 | 0 | 249517 | 0 | 249517 |
| 320700405 ജില്ലാപഞ്ചായത്ത് വിഹിതം | 400000 | 0 | 400000 | 200000 | 200000 |
| 320700204 ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 40100 | 0 | 40100 | 0 | 40100 |
| 320700404 ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 360000 | 00 | 360000 | 0 | 360000 |
| സാക്ഷരത | 0 | 1186 | 1186 | 0 | 1186 |

* , ** ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക

വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4368843 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1752000 |
| വികസന ഫണ്ട്-ജനറൽ | റവന്യൂ പിരിവിൽ നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ പിഴയായി ഈടാക്കിയ തുക | 191490 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1027651 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ, എസ്.സി.പി)

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Tied And Untied Funds) ഇനത്തിലെ നീക്കിയിരിപ്പ് യഥാക്രമം ₹2382599/- ഉം ₹2006640/- ഉം ആണ്. അവയുടെ തൻവർഷ വരവു ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകൾ, സുലേഖാ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CFC ( UNTIED GRANT) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 468874 | 3330000 | 3798874 | 5258337 | 1459463 |
| ILGMS പ്രകാരം | 2006640 | 3330000 (പലിശയുൾപ്പടെ 3495233) | 5501873 | 5122023 | 379850 |
| CFC ( TIED GRANT) | | | | | |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 3825521 | 4995000 | 8820521 | 5804350 | 3016171 |
| ILGMS പ്രകാരം | 2382599 | 4995000 | 7377599 | 3985315 | 3392284 |

പി എഫ് എം എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ ₹165093/-യും ജേണൽ നം.42201329/31.03.2023 പ്രകാരം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ₹140/- യും ഉൾപ്പെടുന്നുണ്ട്.

### 1-3-1 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.91ലക്ഷത്തിലധികം രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമത്തെ റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ.(എം.എസ്.) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. കരുണാപുരം ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് ₹191490/- കുറവു വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. വളരെ പരിമിതമായ വരുമാനസ്രോതസുകളാണ് ഗ്രാമപഞ്ചായത്തിനെങ്കിലും അതുപോലും പൂർണമായി പിരിച്ചെടുക്കാതെ സർക്കാർ ഗ്രാന്റ് കൂടി നഷ്ടപ്പെടുത്തിയ സാഹചര്യം പിരിവ് വിഭാഗം ജീവനക്കാരുടെയും, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പിരിവിൽ വേണ്ടത്ര പുരോഗതിയില്ലാത്തതിനാൽ സമാനമായ അവസ്ഥയാണ് തൻവർഷവും ഗ്രാമപഞ്ചായത്ത് നേരിടുന്നത്. ദൈനംദിന ആവശ്യങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യൂ പിരിവിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 154 | 156485678 | 130 | 77276061 | 24 | 84 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 06 | 03 | 3968225 | 1820715 |
| വെറ്ററിനനറി സർജൻ | 06 | 06 | 2711300 | 2581637 |
| MO(FHC) | 05 | 05 | 2129716 | 2029716 |
| VEO | 16 | 14 | 72675240 | 8891805 |
| ICDS SUPERVISER | 05 | 04 | 6200800 | 5261342 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് Secretary | 32 | 24 | 18005216 | 11974323 |
| AE,LID & EW | 79 | 69 | 46068301 | 40413566 |
| DFI | 02 | 02 | 2950000 | 2663666 |
| Asst. Secretary | 03 | 03 | 1776880 | 1639291 |
| ആകെ | 154 | 130 | 156485678 | 77276061 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം./ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 06.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 14.05.2022 മുതൽ 22.05.2022 വരെ |
| വികസന സെമിനാർ | 08.06.2022 |
| ഭരണാനുമതി | I(1)/ തീ. 13.06.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പെടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- ഏറ്റെടുത്ത 154 പ്രോജക്ടുകളിൽ 130എണ്ണം നടപ്പാക്കി.
- വിവിധ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാനായതിനാൽ ഷോർട്ട് ഫോളിനുള്ള സാധ്യത ഒഴിവായി.
- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായത് മികച്ച നേട്ടമായി വിലയിരുത്തുന്നു.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- ലൈഫ് ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 729 | 1376236 | 1376965 | 1372846 | 4119 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 63795000 | 63795000 | 63795000 | 0 |

തൻവർഷ ധനകാര്യപത്രികയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക ₹63798000/- (I-14 (C)) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതോടൊപ്പം ഭരണച്ചെലവുകൾക്കായി ലഭിച്ച തുകയും ധനകാര്യ പത്രികയിൽ

വ്യത്യസ്തമാണ്. RP30 പ്രകാരം വരവ് ₹1376231/- ആണ്. കണക്കുകളിലെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2458200 | 230 |
| വിധവ പെൻഷൻ | 13894800 | 1297 |
| വാർദ്ധക്യകാല പെൻഷൻ | 26344800 | 1743 |
| വികലാംഗപെൻഷൻ | 3692000 | 328 |
| അവിവാഹിതർക്കുള്ള പെൻഷൻ | 192000 | 27 |
| തൊഴിലില്ലായ്മ വേതനം | 17040 | 24 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10350/- (പതിനായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനേഴംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന പ്രകാരം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലാർക്ക്, നാല് ക്ലാർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവരും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട, ടെക്നിക്കൽ അസിസ്റ്റന്റും പ്രോജക്ട് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ

പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നിലനിർത്തിയതായും കാണുന്നു. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2023 ഓഗസ്റ്റ് 31-വരെ നടത്തിയിട്ടുണ്ടെങ്കിലും ക്രമീകരണങ്ങളിൽ അവ്യക്തതയുണ്ട്.
4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.
5. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. 2021-22-ലെ ഡിമാന്റ് തുകകളുടെ 90% ഈടാക്കാതിരുന്നതുമൂലം തൻവർഷം സർക്കാർ ₹1.91 ലക്ഷം രൂപ ഗ്രാന്റിൽ നിന്ന് കുറവു ചെയ്തു. തൻവർഷവും വീഴ്ച ആവർത്തിച്ചതിനാൽ തുടർന്നുള്ള വർഷവും ഏതാണ്ട് രണ്ടു ലക്ഷത്തിലധികം രൂപ നഷ്ടപ്പെടുന്നതാണ്.
6. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല. ലോഗ് ബുക്ക് സൂക്ഷിപ്പിൽ ഗുരുതരമായ അലംഭാവമാണ് പുലർത്തിയിട്ടുള്ളത്. യാത്രയുടെ വിവരങ്ങൾ, അവയുടെ സാക്ഷ്യപ്പെടുത്തൽ, ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിന്റെ പല താളുകളും ശൂന്യമാണ്. വിശദ പരാമർശങ്ങൾ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
7. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.
8. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
9. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.
10. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 തനത് വരവ്-അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തികമാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ

വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കരുണാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

പ്രധാന വരുമാന മേഖലകൾ

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് തനത് വരവ് വർദ്ധനവിനുള്ള സാധ്യതകൾ വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖ സൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി -നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ.(പി) നം 25/2023നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 20.05.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(1)). ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു (20.05.2023 ലെ നമ്പർ എസ്.സി 1-101). അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള

വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(1) നിലവിൽ ഉണ്ടായിരുന്നതിലും കുറഞ്ഞ നിരക്കിൽ നികുതി പരിഷ്കരിച്ചു.

ഗ്രാമപഞ്ചായത്തിലെ ഏതാനും ഉപയോഗ ക്രമങ്ങളിൽ വരുന്ന കെട്ടിടങ്ങളുടെ നിലവിൽ ഉണ്ടായിരുന്ന നികുതി നിരക്കിലും കുറഞ്ഞ നിരക്കാണ് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്നത്. ചില കെട്ടിടങ്ങളുടെ നിലവിൽ ഉണ്ടായിരുന്ന നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ഉപയോഗക്രമം | സർക്കാർ വിജ്ഞാപനം ചെയ്ത നിരക്കുൾ (₹) | ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള നിരക്കുകൾ (₹) | പുതുക്കിയ നിരക്കുകൾ(₹) | |
|---|---|---|---|---|
| വാണിജ്യം 100M2വരെ | 40-70 | 50 | 40 | |
| ഇതര വ്യവസായത്തിന് ആവശ്യമുള്ളവ | | 50 | 45 | |
| വാണിജ്യം 100M2 കവിയുന്നവ | 60-80 | 60 | 60 | |
| മൊബൈൽ ടവർ | 500-600 | 500 | 500 | |

ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതുമൂലം നികുതി വരുമാനത്തിൽ നാമമാത്രമായ വർദ്ധനവ് മാത്രമെ ഉണ്ടാകുകയുള്ളൂ. മറ്റിനങ്ങളിലുള്ള തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം കുറവായ ഗ്രാമപ്പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ കൈവരിക്കാമായിരുന്ന വരുമാന വർദ്ധന ഇതുമൂലം ഇല്ലാതാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(2) നികുതി പരിഷക്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾകൂടി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

- കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.
- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ

കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി

തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. ഡിമാന്റ് തുക കൃത്യമായി നോട്ടീസ് നൽകി ഈടാക്കി വരുന്നു. ഈ വിഭാഗത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി) ലൈസൻസ് ഫീസുകൾ

കാർഷിക മേഖലയായതിനാൽ വൻകിട വ്യസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ വളരെ കുറവാണ്. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 2021-22 വർഷത്തിൽ 275 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ മുന്നൂറിലധികം സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുക്കാൻ ഇനിയും സ്ഥാപനങ്ങൾ അവശേഷിക്കുന്നുണ്ട്. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതുമാണ്.

ഡി) വാടക, കുത്തകാവകാശം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതിൽ 4 കടമുറികൾ മാത്രമാണ് നിലവിൽ ലേലം ചെയ്ത് നൽകുന്നത്. വാടക ഇനത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ചർച്ച ചെയ്യേണ്ടതാണ്.

ഇ) രേഖകളുടെ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ് വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-10 ഉപയോഗ ക്രമത്തിനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും

വാണിജ്യ ആവശ്യത്തിന് നൽകിയ ലൈസൻസ് പ്രകാരം അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു. പാർപ്പിടങ്ങൾ/വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ ഹോം സ്റ്റേയുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ട്, ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 10/98 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | ഡെയ്സമ്മ ജോർജ്ജ് | 81 ച മീ |
| 2 | 8/195 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | ബെന്നി | 85 ച മീ |
| 3 | 4/332 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | കരുണാകര പിള്ള | 90 ച മീ |
| 4 | 15/18 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | കെ.എൽ. ജോബി | 58 ച മീ |

ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത് അംഗീകരിച്ച നിരക്കുകളനുസരിച്ച് പാർപ്പിടങ്ങൾ/വീട് എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് ₹6/- യും ഹോം സ്റ്റേ എന്ന ഉപയോഗക്രമമുള്ളവയ്ക്ക് ₹40/- യുമാണ് നിശ്ചയിച്ചിരിക്കുന്നത്, കെട്ടിടങ്ങളുടെ ശരിയായ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി ചുമത്താത്തതുമൂലം നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 03/തീ.11.10.2023) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-11 ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

പെർമ്മിറ്റ് ഇല്ലാതെയും, പെർമിറ്റ് പ്രകാരം അനുവദിച്ചതിലധികം വിസ്തീർണത്തിലും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 95(4) പ്രകാരം ക്രമവത്കരണ ഫീസ് ഈടാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ, തൻവർഷം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ, മേൽപരാമർശിത രീതിയിൽ നിർമിച്ച കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് / പെർമിറ്റ് നമ്പർ | വിസ്തീർണ്ണം (ച .മീ) | | | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| | | അംഗീകരിച്ച പ്ലാൻ പ്രകാരം | കംപ്ലീഷൻ പ്ളാൻ പ്രകാരം | വ്യത്യാസം | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | റോമി ദേവസ്യ/A3-BA(70599/2017 -16.11.2017) | 179.61 | 205.68 | 26.07 | 539 (പെർമ്മിറ്റ് ഫീസ് ) | പെർമ്മിറ്റ് ഫീസ് 179.61 X 7 = 1257<br>ക്രമ വത്കരണ ഫീസ് 26.07 X 7 X 2 = 364.98<br>ആകെ 1257+365=1622 | 1083 |
| 2 | വിദ്യാധരൻ /A3.2484-08 /07/2016) (Renewed) | 106 | 178 | 72 | 371 (പെർമ്മിറ്റ് ഫീസ് + 1028 (ക്രമ വത്കരണ ഫീസ്) = 1399 | പെർമ്മിറ്റ് ഫീസ് 106 X 7 = 742<br>ക്രമ വത്കരണ ഫീസ് 72 X 7 X 2 =- 1008<br>ആകെ<br>742+1008 = 1750 | 351 |
| 3 | വിനീത് മോഹൻ /A3-BA332633 /2019-07 /11/2019 | 101.59 | 150.87 | 49.28 | 712 (പെർമ്മിറ്റ് ഫീസ് | പെർമ്മിറ്റ് ഫീസ് 101.59 X 7 = 712<br>ക്രമ വത്കരണ ഫീസ് 49.28x 7x2=690<br>ആകെ<br>712+690 = 1402 | 690 |
| | | | | | | | 2124 |

ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കിയ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 02/തീ. 11.10.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള തുക ഇടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-12 പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തി |
|---|---|
| 1 | ശ്രീ. പ്രദീപ് കുമാർ |
| 2 | ശ്രീ. പി.ബി. സജീന്ദ്രൻ |
| 3 | ശ്രീ. എ.കെ. വിജയൻ |
| 4 | ശ്രീ. വി.പി. രാജന |

സ്വന്തം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പോലും ലൈസൻസ് കൂടാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ച സാഹചര്യം ഫീൽഡ് തലത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടപെടലുകളിലെ വീഴ്ചകളാണ് വെളിവാക്കുന്നത്. ലൈസൻസ് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സാധുതയുള്ള ലൈസൻസ് സഹിതമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഭരണസമിതി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ഓഡിറ്റ് റിക്കവറിയായി ഈടാക്കിയ തുക സർക്കാർഫണ്ടിലേക്ക് ക്രമീകരിച്ചില്ല

വിവിധ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന നഷ്ടത്തുകകളിൽ ചിലത് തൻവർഷം ഈടാക്കുകയുണ്ടായി. RP10, RP11 എന്നീ പത്രികകളിൽ ക്രോഡീകരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഫണ്ട് | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|---|---|
| 1 | 1996-97 | 40, 43, 55, 60 | 50734 | വ്യക്തമല്ല | ശ്രീ. പി. ജോൺസ് മുൻ സെക്രട്ടറി | 1220102183/ 20.01.2023 |
| 2 | 2019-20 | 1-15 | 19140 | വികസന ഫണ്ട് (Scp) | ശ്രീ. ബ്രൈറ്റ്മോൻ പി., അസി. സെക്രട്ടറി | 1220100510/ 28.05.2022 |
| 3 | 2019-20 | 1-16 | 435 | വികസന ഫണ്ട് (Scp) | ശ്രീ. ബ്രൈറ്റ്മോൻ പി., അസി. സെക്രട്ടറി | 1220100510/ 28.05.2022 |
| 4 | 2020-21 | 3-2 | 5236 | മെയിന്റനൻസ് ഗ്രാന്റ് (R) | ശ്രീ. സോമൻ പിള്ള, കരാറുകാരൻ | 1220100265/ 07.05.2022 |
| 5 | 2020-21 | 3-2 | 9282 | മെയിന്റനൻസ് ഗ്രാന്റ് *(R)* | ശ്രീ. പി.സി. ഫ്രാൻസിസ്, കരാറുകാരൻ | 1220100301/ 09.05.2022 |

ക്രമ നം. 1-ന്റെ സ്രോതസ് വിവരങ്ങൾ ലഭ്യമല്ല. ക്രമ നമ്പർ 2 മുതൽ 5 വരെയുള്ള തുകകൾ സർക്കാരിലേക്ക് ക്രമീകരിക്കേണ്ടതാണെങ്കിലും ധനകാര്യപത്രികയിൽ അവ തനതു ഫണ്ടിന്റെ ഭാഗമാക്കി നിലനിർത്തിയിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച ഗ്രാന്റുകൾ തനതു ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. സാമ്പത്തികവർഷം അവസാനിച്ചശേഷം തിരിച്ചടയ്ക്കുന്ന വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കാണുക) പ്രസ്തുത തുക “3604-00-911-അധികച്ചെലവ് വസൂലാക്കലുകൾ” എന്ന് കണക്കു ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ അനുസരിച്ച്, ടാറിംഗ്-റീടാറിംഗ് പ്രോജക്ടുകൾക്ക് പാക്കഡ് ബിറ്റുമിന്റെ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതെങ്കിൽ കാലിവീപ്പകളുടെ മൂല്യം ബില്ലിൽ നിന്ന് കുറവു ചെയ്യേണ്ടതും പ്രസ്തുത തുക പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. മെയിന്റനൻസ് ഗ്രാന്റ് (R) (കാലിവീപ്പയുടെ വില), വികസന ഫണ്ട് എന്നിവയുടെ അധികച്ചെലവു തുകകളാണ് നിലവിൽ വസൂലാക്കിയിട്ടുള്ളത്. തിരികെ ഈടാക്കിയ വികസന ഫണ്ട് വിഹിതം 3604-00-911-Deduct Recoveries Of Overpayments എന്ന കണക്കു ശീർഷകത്തിലും ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിഭാഗത്തിലെ തുക 3054-00-911-Deduct Recoveries Of Overpayments ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഒപ്പം, ക്രമ നം. 1-ന്റെ സ്രോതസ് വിവരങ്ങൾ നിർണയിച്ച് യഥാവിധി ക്രമീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി

അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2010-11 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

| ഇനം | തുക സ്വീകരിച്ച സാമ്പത്തിക വർഷം |
|---|---|
| വിതരണക്കരാറുകാരുടെ നിരതദ്രവ്യം | 2017-18 |
| വിതരണക്കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം | 2010-11 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 2013-14 |
| കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം | 2015-16 |
| കരാറുകാരുടെ റീടെൻഷൻ | 2017-18 |
| കരാറുകാരുടെ നിരതദ്രവ്യം | 2019-20 |
| ലേല നിക്ഷേപം | 2011-12 |
| ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം | 2014-15 |
| മറ്റു നിക്ഷേപങ്ങൾ | 2015-16 |

2020 മാർച്ച് 31-ന് മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ അവകാശമുന്നയിക്കപ്പെടാതെ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## 1-15 വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വാഹനങ്ങളുടെ സൂക്ഷിപ്പിനായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007-ലെ ജി.ഒ.(എംഎസ്) നം.170/2007നമ്പർ ഉത്തരവ് കാണുക). എന്നാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ലായെന്ന് ഗ്രാമപഞ്ചായത്തിന്റെ വാഹനപരിപാലന രേഖകളുടെ പരിശോധനയിൽ വ്യക്തമായി. ഔദ്യോഗിക യാത്രാ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന KL69B 713 നമ്പർ സ്കോർപിയോ ജീപ്പ്, ഖരമാലിന്യ നീക്കത്തിനുവേണ്ടി വാങ്ങിയ KL69C2154 നമ്പർ പിക്ക് അപ്പ് വാൻ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ. സ്കോർപിയോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥർ/ജനപ്രതിനിധികൾ ലോഗ്ബുക്കിൽ കൃത്യമായി സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വാഹനം ഉപയോഗിച്ച ആൾ |
|---|---|
| 12-4-2022 | അഭിജിത്ത് (ക്ലർക്ക്)<br>നിസാറുദ്ദീൻ (ഓഫീസ് അറ്റൻഡന്റ്) |
| 15-4-22, 16-4-22 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| 19-4-22 | സ്റ്റാഫ് |
| 30-6-22 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

| | |
|---|---|
| 26-10-22,27-10-22 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 20-3-23 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |

2. ലോഗ്ബുക്കിൽ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

3. വാഹനത്തിന്റെ പുകപരിശോധനാ സർട്ടിഫിക്കറ്റ്,മൈലേജ് സർട്ടിഫിക്കറ്റ് എന്നിവ നേടിയിട്ടില്ല.

4. ഇന്ധനം നിറയ്ക്കൽ, അറ്റകുറ്റപ്പണി എന്നിവയുടെ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

5. മാസാന്ത്യ കണക്കുകൾ രേഖപ്പെടുത്തി സഞ്ചരിച്ച ദൂരം, ഇന്ധനത്തിന്റെ ഉപഭോഗം, നീക്കിബാക്കി എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ചുവടെ ചേർത്തിരിക്കുന്ന ദിവസങ്ങളിൽ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ലോഗ്ബുക്കിൽ നടത്തിയിട്ടില്ല.

| തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|
| 14-5-2022,<br>15-5-2022 | രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. 13-5-2022-ൽ 94691 കി.മീ. മീറ്റർ റീഡിംഗ് രേഖപ്പെടുത്തുകയും 16-5-2022 ഉടക്കത്തിൽ 94846 റീഡിംഗ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| 9-7-2022<br>10-7-2022 | രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. 8-7-2022-ൽ 99516റീഡിംഗ് രേഖപ്പെടുത്തുകയും 11-7-2022 ഉടക്കത്തിൽ 99685 റീഡിംഗ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| 2-12-2022,<br>3-12-2022,<br>10-12-2022,<br>16-12-2022,<br>20-12-2022,<br>23-12-2022,<br>24-12-2022<br>25-12-2022,<br>27-12-2022,<br>28-12-2022<br>29-12-2022 | രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തിയിട്ടില്ല. 1-12-2022-ൽ 111303 കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തിയ ശേഷം 19-12-2022-ൽ 113236 കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തിയിരിക്കുന്നു.<br>22-12-2022-ൽ 113535 കി.മീ. റീഡിംഗ് രേഖപ്പെടുത്തിയ ശേഷം 3-1-2023- ഉടക്കത്തിൽ 114152 കി.മീ. റീഡിംഗ് രേഖപ്പെടുത്തിയിരിക്കുന്നു. |
| 16-1-2023 | 16-1-2023-ൽ 115256 കി.മീ. റീഡിംഗ് ചേർത്തിട്ടുണ്ട്. 17-1-23 ഉടക്കത്തിൽ 115324 കി.മീ. റീഡിംഗ് ചേർത്തിരിക്കുന്നു. |
| 23-2-2023,<br>24-2-2023,<br>25-2-2023 | 22-2-2023-ൽ 117720 115256 കി.മീ. റീഡിംഗ് ചേർത്തിട്ടുണ്ട്. പിന്നീട് 27-2-2023 ഉടക്കത്തിൽ 117972 കി.മീ. റീഡിംഗ് ചേർത്തിരിക്കുന്നു. |

ലോഗ് ബുക്കിൽ യഥാസമയം നടത്തുന്ന രേഖപ്പെടുത്തലുകൾ അടിസ്ഥാനപ്പെടുത്തി ഇന്ധനം നിറയ്ക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയുടെ ചെലവുകൾ നിയന്ത്രിക്കണമെന്നിരിക്കെ ശൂന്യമായ താളുകൾ സാക്ഷിയാക്കി ചെലവുകൾ നിർവഹിച്ച കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ നടപടി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/തീ.10-10-23) മറുപടി ലഭ്യമാക്കിയില്ല. വാഹനപരിപാലനത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-16 ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോമരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് നം. എസ് 002/23 പ്രകാരം ₹200000/- (BRN22100452012601344114/12.12.2022) ഹോംകോയ്ക്ക് കൈമാറിയിരുന്നു. ₹87827/- യുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ₹112173/- യുടെ മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1- 17 കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പ്രോജക്ടിലുൾപ്പെടുത്തി (എസ് 005/23) കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞുള്ള എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ടി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 800000 | NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 04.03.2023-ൽ ട്രാൻസ്ഫർ ചെയ്തു. (BRN 22100452009201287479/ 04.03.2023 | ------- | -------- |

ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 കൂട്ടാർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കൂട്ടാർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം |
| പ്രോജക്ട് നം | 171/2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥന് | അസി.എഞ്ചിനീയർ |
| കരാറുകാരൻ | മഞ്ജു. ബി. |
| അളവു ബുക്ക് | E-MBook |
| ബിൽ നം/തീയതി&തുക | 20100452012701093666/27.01.2023; ₹811502/- 20100452012701348146/14.03.2023; ₹999946/- |

എസ്.ബി.ഐ. കൂട്ടാർ ശാഖയ്ക്ക് വേണ്ടി 2960 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സ്ട്രോംഗ് റൂം, ലോക്കർ, എ.ടി.എം.

കൗണ്ടർ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി ഒരു കാര്യാലയം പണിതു നൽകുന്നതിന് 2021-22-ൽ ഏറ്റെടുത്ത പ്രോജക്ടാണ് കുട്ടാർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (പ്രോജക്ട് നം. എസ് 165/22). പ്രസ്തുത വർഷം പദ്ധതിക്കായി ₹2895103/- ചെലവഴിച്ച് പൈലിംഗ് ഉൾപ്പെടെയുള്ള സ്ട്രക്ച്ചറൽ പ്രവൃത്തികൾ നടത്തുകയും 2022-23 വർഷം എസ് 171/22-23 നമ്പർ പ്രോജക്ട് പ്രകാരം ₹1811448/- ചെലവഴിച്ച് തുടർന്നുള്ള പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം 2023-24 വർഷത്തിലും തുടരുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക് ശാഖയുടെ പ്രവർത്തനം സുരക്ഷിതമായി നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അധികമായി സജ്ജീകരിക്കുന്ന രീതിയിലാണ് നിർമാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ഇതിനായി സ്ട്രോംഗ് റൂമിന്റെ തറ, മേൽക്കൂര, ഭിത്തി എന്നിവ അധിക ഘനത്തിൽ കോൺക്രീറ്റ് ചെയ്ത്, ശക്തമായ ഇരുമ്പു വാതിൽ (ബാങ്ക് അധികൃതർ ലഭ്യമാക്കിയത്) ഘടിപ്പിക്കുന്നതുൾപ്പെടെയുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്തത്. സാധാരണ കെട്ടിടങ്ങളുടെ ഭിത്തി സോളിഡ് സിമന്റ് ഇഷ്ടിക മുഖേനയാണ് നിർമിക്കുന്നതെങ്കിൽ ഈ കെട്ടിടത്തിന്റെ സ്ട്രോംഗ് റൂമിന്റെ ഭിത്തി അത്രയും ഘനത്തിൽ പൂർണമായും പ്രബലിത കോൺക്രീറ്റ് നിർമിതമാണ്. പ്രസ്തുത കെട്ടിടത്തിന് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുക അധികച്ചെലവുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ബാങ്കിന്റെ താത്പര്യാർത്ഥം അധികമായി ചെലവഴിച്ച് നിർമിക്കുന്ന കെട്ടിടത്തിന്റെ നിശ്ചിത കാലയളവിലേക്കുള്ള ഉപയോഗം ബാങ്ക് ഏറ്റെടുക്കുന്നുവെന്ന് ഉറപ്പ് വരുത്താനും, അധികമായി സജ്ജീകരിച്ച സൗകര്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവിന്റെ ആനുപാതിക വിഹിതം ബാങ്കിൽ നിന്ന് ലഭിക്കുന്നതിനും, വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നിജപ്പെടുത്തുന്നതിനും പര്യാപ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബാങ്കുമായി കരാർ ചമച്ചിട്ടില്ല. നിർമാണ പ്രക്രിയയിലെ കാലതാമസം, താത്പര്യക്കുറവ് തുടങ്ങിയ കാരണങ്ങളാൽ മെച്ചപ്പെട്ട സാമ്പത്തിക-വാണിജ്യ സാധ്യതകൾ മുൻനിർത്തി ബാങ്കിന്റെ പ്രവർത്തനം മറ്റ് കെട്ടിടത്തിലേക്കോ/ സ്ഥലത്തേക്കോ മാറ്റുന്ന പക്ഷം സ്ട്രോംഗ് റൂം, ലോക്കർ, എ.ടി.എം. കൗണ്ടർ ഉൾപ്പെടെയുള്ള ഈ കെട്ടിടം ഉപയോഗശൂന്യമായ ഒരു നിഷ്ക്രിയ ആസ്തിയായി മാറുമെന്നതിൽ സംശയമില്ല. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻ ഉപാധിയെന്ന നിലയിൽ കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കണമെന്ന അടിസ്ഥാനപരമായ നടപടിക്രമം പോലും പാലിക്കാതെയാണ് കെട്ടിട നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

2) അടിസ്ഥാന സൗകര്യങ്ങളായ സ്ട്രോംഗ് റൂം, ലോക്കർ എന്നിവ നിർമിക്കേണ്ടത് ബാങ്കിന്റെ റിസ്ക് & കോസ്റ്റിൽ ആയിരിക്കണമെന്നിരിക്കെ ഇവ സജ്ജീകരിക്കുന്നതിന് ബാങ്കിന്റെ സാമ്പത്തിക പങ്കാളിത്ത സാധ്യത പരിഗണിക്കാതെ ₹500000/- പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ക്രമപ്രകാരമുള്ളതല്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/തീയതി:11.10.2023) മറുപടി ഹാജരാക്കിയില്ല. കെട്ടിടത്തിന്റെ ദീർഘകാല ഉപയോഗം ഉറപ്പു വരുത്തുന്നതിനും നിർമാണച്ചെലവിലെ ബാങ്ക് വിഹിതം ലഭ്യമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതും തദനുസരണം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-19 കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | ചോറ്റുപാറ-മന്തിപ്പാറ കലുങ്ക് നിർമ്മാണം (137/22-23) |
| അടങ്കൽ | ₹1000000/- |
| ചെലവ്<br>ബിൽ റഫറൻസ് നം.തീ.തുക₹ | 22100452012701303686/7.3.23 489340-<br>221004520127011459710 6/24.3.23 350146- |
| കരാർ | 81/AE/LSGD/PMNA/2021-22/23.12.2021 |
| സാങ്കേതികാനുമതി നം. | 58245/2021-22/15.11.2021 |
| M Book | 173/2021-22 |
| വൗച്ചർ നം., തീയതി | 100298838/ 13.03.2023 |
| കരാറുകാരൻ | ശ്രീ. വിനു പ്രസാദ് |
| അധികം നൽകിയ തുക<br>(OD244691/22-23-<br>@ 350.54/m3, Cost Index 41.53% 3) (കിളച്ചെടുത്ത മണ്ണ് - 38.80 M3 ) | ₹13898.20/-<br>(33.6 M3 X 350.54/m3) + (18% GST=2120.06) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രവൃത്തിയുടെ ഇനം-1 പ്രകാരം 38.80 M3 മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. കലുങ്കിന്റെ വിംഗ് വാൾ, സംരക്ഷണഭിത്തി എന്നിവയുടെ ഉൾവശം മണ്ണിട്ട് നിറയ്ക്കുന്ന പ്രവൃത്തിയാണ് ഇനം 6 ആയി ചെയ്തത്. സൈറ്റിൽ നിന്ന് കിളച്ചെടുത്ത മണ്ണ് അവിടെ ശേഷിക്കെ അത് ഉപയോഗിക്കാതെ 33.60 M3 കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചതായി M Book -ൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ. 11. 10. 2023) മറുപടി ലഭ്യമാക്കിയില്ല. കിളിച്ചെടുത്ത മണ്ണ് കറവ് വരുത്താതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്. അധികം നൽകിയ ₹13898/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ഐറിഷ് ഓട നിർമാണപ്രവൃത്തിക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain നിർമിക്കുന്നതിന് 2018ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 ₹8660.22/- പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@3m C/c) As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc. Complete As Per Specification).

ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. യഥാർത്ഥത്തിൽ Irish Drain ചെയ്യുന്നതിന് Centering And Shuttering ഉൾപ്പെടുത്താത്ത MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1.A പ്രകാരമുള്ള നിരക്കാണ് Irish Drain ന് അനുവദിക്കേണ്ടിയിരുന്നത്.

നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| | 2018ലെ Price നിരക്ക്<br>(75.8.1.1.A) |
|---|---|
| അടിസ്ഥാന നിരക്ക് | 4862.53 |

| | |
|---|---|
| 10% OH | 486.25 |
| ആകെ | 5348.78 |
| 10% CP | 534.88 |
| ആകെ | 5883.66 |
| കോസ്റ്റ് ഇൻഡക്സ് | 2443.48 (41.53%) |
| ആകെ നൽകാവുന്ന നിരക്ക് | 8327.14 |

| പ്രവൃത്തി | എം. ബുക്ക് പ്രകാര മുള്ള അളവ് എം3 | നൽകാ വുന്ന നിരക്ക് ₹ | നൽ കിയ നിരക്ക് ₹ | അധികം നൽകിയ തുക ₹ (GST 18% ഉൾപ്പെടെ) |
|---|---|---|---|---|
| കരുണാപുരം-പാറക്കടവ് റോഡ് ഐറിഷ് ഓട നിർമ്മാണം<br>197/22-23<br>കോൺട്രാക്ടർ – ടി.വി.രാജേന്ദ്രൻ<br>എം. ബുക്ക് നം. E MBook<br>ബിൽ റഫറൻസ് നം.22100452012701487048 / തീ. 26.3.2023<br>തുക – ₹326873/-<br>അടങ്കൽ ₹327000/- MF/Road<br>(2018 – Price നിരക്ക്) | 32.626<br>E MBook | 8327.14 | 8660.22 | 333.08<br>32.626 M3@₹333.08<br>= ₹10867.06<br>(+)18%GST<br>=1956.07 ₹12823/- |
| അധികം നൽകിയ തുക | | | | ₹12823/- |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/ 11/10/2023) മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. അധികം നൽകിയ ₹12823/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി. അനുവദിച്ചു

ICDS സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരക പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, കുമളി എന്ന കുടുംബശ്രീ സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി ₹884682/- അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം / പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം/തീയതി | ബിൽ തുക | ബിൽ ഓഫ് സപ്ലൈ നമ്പർ/ തീയതി | വാങ്ങിയ അളവ് കിലോഗ്രാം | ആകെ നൽകിയ തുക @₹73.50/ കി.ഗ്രാം | നൽകേണ്ടിയിരുന്ന തുക @₹70/ കി .ഗ്രാം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|---|---|---|
| 22/2023 അംഗൻവാടി പോഷകാഹാരം | വികസന ഫണ്ട് - ജനറൽ | 3319800 | 3319800 | 2210045200 9000457218/ 25.8.2022 | 1791258 | 350/ 14.3.2022 | 1452 | 106722 | 101640 | 5082 |
| | | | | | | 359/ | 1631 | 119879 | 114170 | 5709 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | 11.4.2022 | | | | |
| | | | | | | 379/ 20.6.2022 | 1521 | 111793 | 106470 | 5323 |
| | | | | | | 387/ 20.7.2023 | 1806 | 132741 | 126420 | 6321 |
| | | | | | | 390/ 20.8.2022 | 1554 | 114219 | 108780 | 5439 |
| | | | | 22100452009 0001228439/ 22.2.2023 | 311636 | 420/ 11.11.2022 | 1676 | 123186 | 117320 | 5866 |
| | | | | | | 428/ 12.12.2022 | 1407 | 103414 | 98490 | 4924 |
| | കേന്ദ്ര വിഹിതം | | | CF/28.3.2023 | 811890 | 441/ 18.11.2022 | 1711.5 | 125795 | 119805 | 5990 |
| | | | | CF/30.3.2023 | 388110 | 447/ 10.2.2023 | 1542 | 113337 | 107940 | 5397 |
| | | | | | | | | | ആകെ | 50051 |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/ ത.സ്വ.ഭ.വ. പ്രകാരം അമൃതം ന്യൂട്രീമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/- ആണ്. പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ ഉപഭോക്താക്കളിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാൻ കഴിയില്ലെങ്കിലും ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയത്. ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം ബിൽ ഓഫ് സപ്ലൈ പ്രകാരമുള്ള ഇൻവോയ്സാണ് ലഭ്യമാക്കിയിരിക്കുന്നത്. 2017 ലെ കേരളാ ഗുഡ്സ് ആൻ്റ് സർവീസ് ടാക്സ് നിയമം അധ്യായം 2 വകുപ്പ് 5 (F,g)) അനുസരിച്ച്, ജി.എസ്.റ്റി. ഈടാക്കാൻ അവകാശമില്ലാത്ത സ്ഥാപനത്തിന് അതുൾപ്പടെയുള്ള തുക അനുവദിച്ചത് അധികച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ മിനിസ്റ്ററി ഓഫ് ഫിനാൻസ് (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 17-6-2021 ലെ സർക്കുലർ നമ്പർ 149/05/2021-GST പ്രകാരം അംഗനവാടികളിൽ നൽകുന്ന ഭക്ഷണ വിതരണത്തെ ജി.എസ്.ടി. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം തേടേണ്ടതും ജി.എസ്.റ്റി. ഇനത്തിലെ അധികച്ചലെവ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 അംഗൻവാടി പോഷകാഹാര പദ്ധതി - സ്പിൽ ഓവർ പ്രോജക്ട് ആസൂത്രണം ചെയ്യാതെ കുടിശ്ശിക തുക അനുവദിച്ചു

അംഗൻവാടി പോഷകാഹാര വിതരണത്തിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തൻവർഷം പ്രോജക്ട് നമ്പർ എസ് 22/2023 പ്രകാരം ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ, 2021-22 വർഷം വാങ്ങിയ ചില ഇനങ്ങൾക്കും സ്പിൽ ഓവർ പദ്ധതി ആസൂത്രണം ചെയ്യാതെ ടി പ്രോജക്റ്റിലൂടെ തുക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാങ്ങൽ നടത്തിയ ബിൽ നമ്പർ / തീയതി | തുക | തുക അനുവദിച്ച BRN നമ്പർ / തീയതി | ആകെ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നെടുങ്കണ്ടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | T9-27.2.2023 | 130680 | 22100452009000457230/25.8.2022 | 130680 |
| സമൃദ്ധി ന്യൂട്രിമിക്സ് | 350/14.3.2022 | 107163 | 22100452009000457218/25.8.2022 | 17912558 |

സ്പിൽ ഓവർ പദ്ധതി തയ്യാറാക്കാതെ മുൻവർഷത്തെ ചെലവ് നടത്തിയ നടപടി പദ്ധതി ആസൂത്രണ മാർഗരേഖാ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇത്തരത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-23 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ, ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഏതാനം ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ഒടുവിൽ ധനസഹായം കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീമതി. ശാന്ത ഗോപി, മുണ്ടക്കൽ | 20000 | 2-2-2022 | ബേസ്മെന്റ് |
| 2 | ശ്രീമതി. തങ്കമ്മ രാമൻ, ചെരിയോർകുന്നേൽ | 200000 | 5-10-2022 | ബേസ്മെന്റ് |
| 3 | ശ്രീ. മുരളീധരൻ നായർ, അഞ്ചാനിക്കൽ | 360000 | 30-8-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 4 | ശ്രീ. സുബിൻ വടക്കേടത്ത് | 360000 | 13-8-2019 | വിശദാംശങ്ങൾ ലഭ്യമല്ല |
| 5 | ശ്രീമതി. ബിന്ദുമോൾ പി.ആർ. | 360000 | 30-8-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 6 | ശ്രീമതി. ലീല ശിവദാസ് | 360000 | 29-9-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 7 | ശ്രീമതി. മണിയമ്മ വിശ്വംഭരൻ | 360000 | 29-9-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 8 | ശ്രീമതി. ശാന്തമ്മ തങ്കപ്പൻ | 360000 | 29-9-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 9 | ശ്രീ. പ്രവീൺ ദാസ് | 360000 | 24-9-2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 10 | ശ്രീമതി മായ കോവൂരിൽ | 360000 | 24--2018 | വിശദാംശങ്ങൾ ലഭ്യമല്ല |
| 11 | ശ്രീ. മധു വി.കെ. | 360000 | 23-11-2018 | വിശദാംശങ്ങൾ ലഭ്യമല്ല |

ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ അനുസരിച്ച് പൂർത്തീകരണ കാലാവധി 06 മാസം ആയിരിക്കെ, ധനസഹായം കൈപ്പറ്റി ദീർഘനാൾ കഴിഞ്ഞിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് അംഗീകരിക്കാവുന്ന വസ്തുതയല്ല. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തിട്ടുള്ള പക്ഷം പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-24 സംയുക്ത-ഫണ്ട് കൈമാറൽ പ്രോജക്ടുകൾ-വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

തൻവർഷം വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക്/ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും ആയവയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | നൽകിയ തുക | ബില്ല്/ചെക്ക് വിവരങ്ങൾ | കൈപ്പറ്റിയ സ്ഥാപനം / വ്യക്തി |
|---|---|---|---|
| പി.എം.എ.വൈ വിഹിതം (ജനറൽ) 130/23 | 210000/- | BRN2210045201260098I393/ 29-12-22 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് |
| പി.എം.എ.വൈ വിഹിതം (എസ്.സി) 131/23 | 400000/- | BRN2210045201260098I395/ 29-12-22 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് |
| എസ്.എസ്.എ വിഹിതം ഒടുക്കൽ 56/23 | 800000/- | E-gramswaraj മുഖേന ട്രാൻസ്ഫർ ചെയ്തു. തീയതി 20-3-23 | ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.കെ. ഇടുക്കി |
| മഴക്കാല പൂർവ്വ ശുചീകരണം | 170000<br>135000 | ചെക്ക് നം.205254/ 1.6.2022<br>ചെക്ക് നം.7266/22.7.2022 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി |

തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷത്തെ സംയുക്ത പദ്ധതി ഇനത്തിലെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ, പേര് | തുക നൽകിയ സ്ഥാപനം | | ചെലവ് ₹ | | ബാലൻസ് ₹ |
|---|---|---|---|---|---|
| | ഇടുക്കി ജില്ലാ | നെടുങ്കണ്ടം | ഇടുക്കി ജില്ലാ | നെടുങ്കണ്ടം | |

| | പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
|---|---|---|---|---|---|
| S132/23ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ | 200000 | 00 | 200000 | 00 | 00 |
| S184/23 LIFE 20-20 (SC) | 00 | 450000 | 00 | 450000 | 00 |
| S052/23 LIFE (G) | 00 | 650000 | 00 | 650000 | 00 |
| S223/23 സുവർണ ഭവനം | 400000 | 00 | 400000 | 00 | 00 |
| S050/23 LIFE (SC) | 1040000 | 750000 | 1040000 | 750000 | 00 |
| S061/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 130000 | 350000 | 130000 | 350000 | 00 |
| S088/23 | 1463218 | 386481 | 1463218 | 386481 | 00 |
| ആകെ | 3233218 | 2586481 | 3233218 | 2586481 | 00 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തൻവർഷം ₹4,40,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ജവഹർ ഭവനപദ്ധതി | നം.11.ബിഡി.1/ 2016 തസ്വഭവ തീ. 20.01.2016 | 15000000 | 6000000 | ഇല്ല | 1500000 | - | 4500000 |
| ലൈഫ് മിഷൻ | ലഭ്യമല്ല | 64440000 | 48744000 | 2980000 | 5396494 | - | 46327506 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹538000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 00 |
| ആകെ | ₹538000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിച്ച സ്ഥിര നിക്ഷേപം | ₹538000 |

മുൻവർഷ റിപ്പോർട്ടിൽ സ്ഥിരനിക്ഷേപം പുതുക്കാത്തത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും യഥാസമയം നടപടി സ്വീകരിച്ചില്ല. തുടർന്ന് 03.07.2023-ൽ അതുവരെ ആർജ്ജിച്ച പലിശ ₹91998/- ഉൾപ്പെടെ നിക്ഷേപം പുതുക്കി നിക്ഷേപിച്ചു. നിലവിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ |
|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം സർട്ടിഫിക്കറ്റ് നം.0429/03.07.2023 | 03.07.2023 | 24മാസം (7.25% പലിശ) | 629998 |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹84827/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1996-97 | 40, 43, 55, 60 | 50734 | ശ്രീ. പി. ജോൺസ് മുൻ സെക്രട്ടറി | 1220102183/ 20.01.2023 |
| 2019-20 | 1-15 | 19140 | ശ്രീ. ബ്രൈറ്റ്മോൻ പി., അസി. സെക്രട്ടറി | 1220100510/ 28.05.2022 |
| 2019-20 | 1-16 | 435 | ശ്രീ. ബ്രൈറ്റ്മോൻ പി., അസി. സെക്രട്ടറി | 1220100510/ 28.05.2022 |
| 2020-21 | 3-2 | 5236 | ശ്രീ. സോമൻ പിള്ള, കരാറുകാരൻ | 1220100265/ 07.05.2022 |
| 2020-21 | 3-2 | 9282 | ശ്രീ. പി.സി. ഫ്രാൻസിസ്, കരാറുകാരൻ | 1220100301/ 09.05.2022 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് ₹8,570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27,876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് – ഷോപ്പിംഗ് കോംപ്ലക്സ് ഉൾക്കുപാലം മാർക്കറ്റ്-നഷ്ടം – ₹7,527/- | തൽസ്ഥിതി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ്ജ സുരക്ഷ മിഷൻ – ₹6,08,047/- | തൽസ്ഥിതി തുടരുന്നു |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി – ₹2,000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ - അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി – അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 4548 | | | | | | 4548 | |
| | | 30 | “ | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 517 | | | | | | 517 | |
| | | 31 | “ | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 2250 | | | | | | 2250 | |
| | | 32 | “ | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 539 | | | | | | 539 | |
| | | 33 | “ | LF9391/ Spl. Cell./ SC2002 | 7425 | | | | | | 7425 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | തീയതി. 08/10/02 | | | | | | | | |
| | | 34 | " | LF9391/ Spl. Cell./ SC2002 തീയതി. 08/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി. ഡി. രവീന്ദ്രൻ | LF 11295/ Spl. Cell. SC2/05 തീയതി. 20.06.06 | 2820 | | | WP(C)/ 1870/ 20/09 | | | 2820 | |
| | 2000-01 | 25 | " | LF 11295/ Spl. Cell. SC2/05 തീയതി. 20.06.06 | 8050 | | | WP(C)/ 1870/ 20/09 | | | 8050 | |
| | 2000-01 | 38 | " | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 48701 | | | WP(C)/ 1870/ 20/09 | | | 48701 | |
| | 2000-01 | 39 | " | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 48701 | | | WP(C)/ 1870/ 20/09 | | | 48701 | |
| | 2000-01 | 45 | " | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | 6394 | | | WP(C)/ 1870/ 20/09 | | | 6394 | |
| | 2000-01 | 48 | " | LF 11295/ Spl. Cell. SC2/05/ തീയതി. 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/ 2006 തീയതി. 02.05.05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ. ജെ. ജോസഫ് | LF 1781/ Spl. Cell./ SC2/08/ തീയതി. 13.05.10 | 2158 | - | - | - | - | - | - | - |
| | " | " | കെ. എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ തീയതി. 13.05.10 | 2159 | | | | | | 2159 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹10573901.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹38446483 .00 |

| | |
|---|---|
| ആകെ | ₹49020384.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹36579092.00 |
| നീക്കിയിരിപ്പ് | ₹12441292.00 |
| (കുറിപ്പ് :- 2022-23-ലെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹26721.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-19 | 13898 | 6949 | ശ്രീ. സാം ക്രിസ്റ്റി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 6949 | ശ്രീ. സൈജു ടി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| 1-20 | 12823 | 6412 | ശ്രീ. സാം ക്രിസ്റ്റി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 6411 | ശ്രീ. സൈജു ടി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-10, 1-12

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സാം ക്രിസ്റ്റി ജോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കെ.എസ്.ഇ.ബി.<br>ഇലക്ട്രിക്കൽ ഡിവിഷൻ, കട്ടപ്പന | തെക്കേപ്പറമ്പിൽ<br>ഹൗസ്<br>കോണിപ്പാട് പി. ഒ.<br>ചാലമറ്റം, കോട്ടയം |
| ശ്രീ. സൈജു ടി.<br>അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ്എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ<br>ബ്ലോക്ക് പഞ്ചായത്ത്, നെടുങ്കണ്ടം | ബിജു സദനം<br>രാജക്കാട് പി.ഒ.<br>ഇടുക്കി ജില്ല |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2007-08 | കെഎസ്എ.-ഐഡികെ.- | 3 | 2-6, 3-4, 3-5 |

| | | | |
|---|---|---|---|
| | പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | | |
| 2008-09 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 8 | 3-4, 3-6(ബി), 3-9, 3-10, 3-11, 3-12, 3-14, 3-15 |
| 2009-10 | കെഎസ്എ.-ഐഡികെ.- പി6/1330/(2009-10/2022 തീയതി. 13.09.2022 | 4 | 3-6, 3-9, 3-11, 3-12 |
| 2010-11 | കെഎസ്എ.-ഐഡികെ.- പി6/1330/(2010-11/അദാലത്ത് /2022 തീയതി. 13.09.2022 | 6 | 3-6, 3-9, 3-10, 3-11, 3-12, 3-13 |
| 2011-12 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 2 | 2-2, 3-3 |
| 2012-13 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 2 | 2-1, 3-2 |
| 2013-14 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 3 | 2-3, 3-1, 3-3 |
| 2014-15 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 1 | 3-1 |
| 2015-16 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 3 | 2-3, 2-4,3-7 |
| 2016-17 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 5 | 2-2, 3-1, 3-2, 3-4, 3-6 |
| 2017-2018 | കെഎസ്എ.-ഐഡികെ.- പി6/1330/അദാലത്ത് /2022 തീയതി. 13.09.2022 | 2 | 2-3, 3-7 |
| 2018-19 | കെഎസ്എ.-ഐഡികെ.- 12/860/20 തീയതി. 16.11.2020 | 15 | 1-11 മുതൽ 1-25 വരെ |
| 2019-20 | കെഎസ്എ.-ഐഡികെ.- 12/1169/21 തീയതി. 17.03.2022 | 12 | 1-10, 1-11, 1-13, 1-17, 1-19, 1-21, 1-23, 3-4, 3-5, 4-8, 4-9, 4-10 |
| 2020-21 | കെഎസ്എ.-ഐഡികെ.- 12/1170/21 തീയതി. 17.03.2022 | 4 | 1-3-1, 1-16, 1-18, 1-19, 1-21, 1-22, 3-1 |
| 2021-22 | കെഎസ്എ.-ഐഡികെ.-P6-1746/23 തീയതി 10.02.2023 | 23 | 1-3-1,1-3-2,1-3-3, 1-8,1-9, 1-10,1-11, 1-12,1-13,1-14, 1-15,1-16,1-17,1-17-1, 1-18,1-19,1-20,1-21, 1-22,1-23,1-25,3-1,3-2 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 8(1) dated 30-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karunapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karunapuram Grama Panchayat for the year 2022-2023

Date: 08/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Karunapuram Grama Panchayat for the Year 2022-2023.

**1.Major Observations**

1. All Mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) Demand registers does not match with financial statements.

3) Registers, viz., advance register, deposit register, etc., are not maintained correctly and or does not match with accounts.

4) Lapses in making timely and accurate demand entries in respect of tax and non -tax revenue.

5) Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്